**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5308** **12-08-2021 - ൽ മറുപടിയ്ക്ക്**

**സിമന്റ് വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. ടി. തോമസ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായുള്ള ലോക്ക്ഡൗൺ മൂലം സിമന്റ് വ്യാപാരികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടവും പ്രസ്തുത മേഖലയിലെ പ്രതിസന്ധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (എ) | കോവിഡിനെ തുടർന്ന് സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ ലോക് ഡൗൺ മൂലം കടകൾ തുറക്കാൻ സാധിക്കാതെ വന്നത് സിമന്റ് വില്പനയിൽ കുറവ് ഉണ്ടാകുവാൻ ഇടയായിട്ടുണ്ട്. മാത്രമല്ല കോവിഡിനെ തുടർന്ന് നിർമ്മാണ വസ്തുക്കൾക്ക് ഉണ്ടായ വിലക്കയറ്റം നിർമാണ മേഖലയെ ബാധിച്ചിരുന്നു. നിലവിലെ കോവിഡ് മഹാമാരിയുടെ കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നിലയ്ക്കുന്നത് ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന വ്യാപാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദകരെയും വിതരണക്കാരെയും പങ്കെടുപ്പിച്ച് സർക്കാർ തലത്തിൽ മീറ്റിങ് വിളിച്ച് നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് മഹാമാരിയുടെ 2-ാം തരംഗംമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ളവരുടെ ലോണിന്റെ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതടക്കമുള്ള പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ